(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്നും പിൻവലിച്ച തുകയുടെ ശതമാനം അനുബന്ധമായി ചേർക്കുന്നു.* വിവിധ വകപ്പുകൾ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പിൻവലിച്ച തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിലായി ട്രഷറിയിൽ കിടക്കുന്ന തുക 40487.62 ലക്ഷം രൂപയാണ്.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം

91 (96) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണ്; ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(ബി) ഏത് മാസം മുതൽ പരിഷ്കരിച്ച ശമ്പളം ജീവനക്കാർക്ക് നൽകുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ പരിശോധനാ ഘട്ടത്തിലാണ്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല.

(ബി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

കശുവണ്ടി വികസന കോർപ്പറേഷൻ

92 (97) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് ധനകാര്യ അഡീഷണൽ സെക്രട്ടറിയായി നിയമിതനായ ശ്രീ. കെ..എം എബ്രഹാം, വൻകിട കശുവണ്ടി ഫാക്ടറി ഉടമകളുമായി ഗൂഢാലോചനയിൽ ഏർപ്പെട്ടതായും അത് വഴി കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള ഇരുപത് ലീഡ് ഫാക്ടറികൾ തിരിച്ച് നൽകേണ്ടി വന്നതും സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ.ആർ. ചന്ദ്രശേഖരന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ച തുക ലഭ്യമാക്കാത്തതിൽ പ്രതിഷേധിച്ച് ഐ.എൻ.ടി.യു.സി. പ്രസിഡന്റ് കൂടിയായ കോർപ്പറേഷൻ ചെയർമാൻ ആർ. ചന്ദ്രശേഖരന് സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാര സത്യാഗ്രഹം നടത്തിയിട്ടുണ്ടായിരുന്നുവോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly